
മഞ്ചാടി




# ഡിജിറ്റൽ മാഗസിൻ

## എച്ച്. എം. ടി.  ഇ എസ് എച്ച് എസ്
## കളമശ്ശേരി
## ലിറ്റിൽ കൈറ്റ്സ്

# ആശംസകൾ



പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെറ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ' ലിറ്റിൽ കൈറ്റ്സ്' എന്ന പദ്ധതി വിവിധ IT മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യം നൽകുന്നു. കുട്ടികൾക്ക് അറിവിൻെറ പുതിയ വാതായനങ്ങൾ തുറന്നു നൽകുന്ന രീതിയിലുള്ളതായിരുന്നു. വിദഗ്ധരുടെ പരിശീലനക്ലാസ്സുകളും ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഈ ഐ. ടി കൂട്ടായ്മ നാളെയുടെ വാഗ്ദാനം തന്നെയാണ് എന്നതിൽ തർക്കമില്ല. ലിറ്റിൽ കൈറ്റ്സിൻെറ ഭാഗമായി തീരുന്ന ഈ മാഗസീൻ വരും തലമുറക്കും പ്രകാശത്തിൻെറ വീഥികൾ തുറന്ന് കൊടുക്കുന്ന ഒന്നാകട്ടെ എന്ന് ആശംസിക്കുന്നു. വിജയ രഥത്തിലേറാൻ ഈ കൂട്ടായ്മക്കാവട്ടെ.

ഹെഡ്മിസ്ട്രസ്സ്

**ജിഷ പവിത്രൻ**

# എഡിറ്റോറിയൽ

"ജ്ഞാനത്തിന്റെ വേരുകൾ
ഭൂതകാലത്തിലാഴ്ന്ന കിടക്കുന്നു
അഗാധമായ നിഷ്കളങ്കതയോടെ
ഗുരുവചസ്സുകളെ സ്വീകരിച്ച നാളുകൾ"

ആ അറിവും പരിശ്രമങ്ങളും ആധുനികതയുടെ വെളിച്ചത്തിൽ ഏവർക്കും പകർന്നു നൽകാൻ ഈ പതിപ്പ് ഞങ്ങൾക്ക് സഹായകമായി. ഇത് പൂർണതയിൽ എത്തിയില്ലെങ്കിലും ഞങ്ങളുടെ കഴിവുകൾ മുഴുവൻ ഉപയോഗിച്ചാണ് ഞങ്ങളിത് വാർത്തെടുത്തിരിക്കുന്നത്. പരിമിതികളുടെയും പരിവട്ടങ്ങളുടെയും മധ്യത്തിൽ ഈ മാഗസിൻ ഇനി നിങ്ങളുടെ വിലയിരുത്തലിനും ,വിമർശനങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം
മാളവിക മനോജ്കുമാർ

ഉള്ളടക്കം

1.അനുജത്തി

2.അണ്ണാറക്കണ്ണൻ

3.കുട്ടുകാരൻ

4.അന്യത്വം

5.കാർമുകിൽവർണ്ണൻ

6.ON KILLING A TREE

7.എന്റെ കേരളം

8.A PRAYER IN SPRING

9.അമ്പാടിയിലേക്ക്

# അനുജത്തി



സംഗീതം പലതായി
ഉണരുന്നു
വരികളായെൻ
ഹൃദയ പുഷ്പത്തിൽ
വാക്കുകളാകാൻ
മറന്നുവോ
കുറുമ്പത്തിയാണെന്റെ
അനിയത്തി
ചുവപ്പു കലരും
വില്ലുമായി വാർന്ന മായാജാലം
പോലെ ഒരു നറു
ചിത്രശലഭമാണവൾ

# അണ്ണാറക്കണ്ണൻ



അണ്ണാറക്കണ്ണാ
തൊണ്ണൂറുവാലാ
ചെങ്കദളിപ്പഴം
തിന്നാൻ വായോ
മന്ദാരക്കാട്ടിലെ
തത്തമ്മ കാണാതെ

രാവിൽ പറന്നെത്തും
വവ്വാലു കാണാതെ

ആരാരും കാണാതെ ആർക്കും

കൊടുക്കാതെ സൂക്ഷിച്ചു

വച്ചു ഞാൻ ചെങ്കദളി

ഒന്നിങ്ങു വന്നിട്ടു അണ്ണാറക്കണ്ണാ
*ചെങ്കദളിപഴം തന്നിടാം ഞാൻ*

# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ കൂട്ടുത്തേടിയണഞ്ഞൊരു

കുഞ്ഞാറ്റ കിളി ......

കാറ്റിനോട്ട കഥ മെനഞ്ഞും

കടലിനോട്ട കളി പറഞ്ഞും

കാടായ കാടെല്ലാം,മേടായ മേടെല്ലാം

കണ്ണാരം പൊത്തി കളിച്ചും

കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി

കൊക്കുരുമ്മി ചിറകുരുമ്മി

കിലുകിലെ കൊഞ്ചി ചിലച്ചും

കിളിക്കൂട്ടിലെന്നെ

കുളിരറിയിക്കാതെ

കവിൾ ചേർത്തുറക്കിയും

കനിവിന്റെ കനിവാ,മെന്റെ

കരളിന്റെ കരളായ

കളിക്കൂട്ടുകാരൻ

(മഞ്ജൂഷ ഹരീഷ്)

# അന്യത്വം

മാതാപിതാക്കളെ   ദൈവമായ്ക്കണ്ടിടും
കാലം നമുക്കന്യമായിടുന്നു
ഗുരുചരണങ്ങളിൽ   താണുവണങ്ങിടും
ഗുരുത്വം  നമുക്കന്യമായിടുന്നു......
മാതാവിൻ വാത്സല്യദുഗ്ദ്ധം
മക്കൾതൻ ഭാരം മാറിടുന്നു
മക്കളെ മടിയിലിരുത്തി കഥചൊല്ലും
മുത്തശ്ശിമാരന്യമായിടുന്നു.....
ആനകളിപ്പിച്ച  ചാഞ്ചക്കമാടിച്ച
അച്ഛനെ തള്ളിപ്പറഞ്ഞിടുന്നു
മക്കൾക്കുവേണ്ടി ജീവിതം ഹോമിച്ച
മാതാവു ഭൃത്യയായ് തീർന്നീടുന്നു.......
ഇന്നലെക്കണ്ടൊരു സ്നേഹഭാവങ്ങളെ
പാടെമറന്നുനാം  ജീവിക്കുന്നു
കാലം കലിയുഗം, ബന്ധം  മറന്നുനാം
കാലപ്രവാഹത്തിലൊഴുകിടുന്നു.........

(സുഷമ ശിവരാമൻ)

# കാർമുകിൽ വർണ്ണൻ

ആകാശ നീലിമയും
കാർവണ്ടിൻ കണ്ണുകളുമു-
ള്ളൊരു  ഉണ്ണിക്കണ്ണൻ.
ഓടക്കുഴലിൽ ശ്രീരാഗം
പാടി
ഓടിയെത്തിയെൻ
ഉണ്ണിക്കണ്ണൻ.



ആരാരും കാണാതെ,

വെണ്ണ കക്കുമെൻ ഉണ്ണിക്കണ്ണൻ.
കാവേരി നദിയുടെ തീരത്ത്
ഓടിക്കളിക്കും കാർവർണ്ണൻ
മയിൽപ്പീലി കണ്ണുള്ള
പുഞ്ചിരി തൂകും കള്ളക്കണ്ണൻ.

# ***ON KILLING A TREE***

*It takes much time to kill a tree,*
*Not a simple job of the knife*
*Will do it. It has grown*
*Slowly consuming the earth,*
*Rising out of it, feeding*
*Upon its crust, absorbing*
*Years of sunlight, air, water,*
*And out of its leprous hide*
*Sprouting leaves.*

*So hack and chop*
*But this alone wont do it.*
*Not so much pain will do it.*
*The bleeding bark will heal*
*And from close to the ground*
*Will rise curled green twigs,*
*Miniature boughs*
*Which if unchecked will expand again*
*To former size*

*No,*
*The root is to be pulled out -*
*Out of the anchoring earth;*
*It is to be roped, tied,*
*And pulled out – snapped out*
*Or pulled out entirely,*
*Out from the earth–cave,*
*And the strength of the tree exposed,*

*The source, white and wet,*
*The most sensitive, hidden*
*For years inside the earth.*
*Then the matter*
*Of scorching and choking*
*In sun and air;*
*Browning, hardening,*
*Twisting, withering*
*And then it is done.*
*(GIEVE PATEL)*

# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി മനശ്ശാന്തിതരും
മമ ജന്മ നാടേ മനോഹരി...
കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ടു കാണുമാറഴകാർന്ന-
രുവികളുമതിരിൽ മേഘ മേലാപ്പു
തൊട്ടുമുത്തുംഗ മേരുകളും
പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഖ്യം
ശീതളമാമലഞ്ഞൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും
മഞ്ഞുപൊഴിയുന്ന വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും
ഊഷ്ണകാലത്തും നീല ജലാശയങ്ങൾ
ഇളം കാറ്റിൽ പാറുമംഗന
തൻ ചേലപോലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹര തിര
ഞൊറിയും സാഗരം നീളെ...
മണ്ണിൻ മാദക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും
മമനാടെ മനോഹരീ.. മനസ്സിൽ
നിൻമുക്തസൗന്ദര്യം.. മുകരുന്നു ഞാൻ..

**(സായ് ദേവ്)**

# A PRAYER IN SPRING

*Oh, Give us pleasure in the flower to-day;*
*And give us not to think so far away*
*As the uncertain harvest; keep us here*
*all simply in the springing year.*

*Oh, Give us pleasure in the orchid white,*
*Like nothing else by day, like ghost by night;*
*And make us happy in the happy bees,*
*The swarm dilating round the perfect trees.*

*And make us happy in the darting bird*
*That suddenly above the bees is heard,*
*The meteor that thrusts in with needle bill,*
*And off a blossom in mid air stands still.*

*For this love and nothing else above is love,*
*The which it is reserved for God above*
*To sanctify to what far ends he will,*
*But which it only needs that we fulfil*

*(Robert frost)*

# അമ്പാടിയിലേക്ക്

"കണ്ണനെക്കാണ്മതിനായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ.
ആയർകോൻതന്നുടെ കാന്തിയായുള്ളൊരു
പീയൂഷവാരിതൻ പൂരംതന്നെ
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളുർപ്പിച്ചു നിൽപ്പനോ ഞാൻ.
കാർവർണ്ണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
ന്നാനന്ദമാടിക്കളിക്കുമോ താൻ?
കണ്ണന്റെ ത്തുമൊഴിയായൊരു തേൻകൊണ്ടെൻ
കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക-
ണ്ടാമോദം പൂണ്ടങ്ങു നിൽപ്പനോ ഞാൻ?
പുഞ്ചിരിയായൊരു ത്തുനിലാവേറ്റു നി-
ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ

ഉല്ലസിച്ചാനന്ദമായൊരു തേനുംപൂ-
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നതാവൂ.
കണ്ടൊരു നേരത്തു കാർമുകിൽവർണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ.
ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ
ചൊവ്വോട്ടു മൗലിയിൽ ചേർത്തുതാവൂ."

(ചെറുശ്ശേരി)


Thank You